# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്താളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P7/923/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 18/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂത്താളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P7/923/22 തീയ്യതി: 18/05/2022

## കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-03-2021 മുതൽ 07-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 09-05-2022 | 16-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 16-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ, അസി.ഓഡിറ്റ് ഓഫീസ്ർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു.കെ.കെ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ജേക്കബ് ജോർജ്ജ് | സെക്രട്ടറി | 01-04-2020 | 18-06-2020 |
| ഷവാസ് ഷമീം | സെക്രട്ടറി | 18-06-2020 | 15-02-2021 |
| ഷാജി.എം.സ്റ്റീഫൻ | സെക്രട്ടറി | 15-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മനോജ്.വി.കെ | വി.ഇ.ഓ | 01-04-2020 | 02-11-2020 |
| ധന്യ മാധവൻ | വി.ഇ.ഓ | 02-11-2020 | 31-03-2021 |
| ഷീബ.എം.വി | വി.ഇ.ഓ | 01-04-2020 | 02-11-2020 |
| സബിത | വി.ഇ.ഓ | 02-11-2020 | 31-03-2021 |
| ശിശിർ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ശബരീഷ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സോന ദയാൻ.കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2020 | 10-05-2020 |
| ഡോ.കിടാവ് ദർശൻ നാരായൺ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 10-05-2020 | 31-03-2021 |
| ഡോ.വിവേക്.കെവി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 30-01-2021 |
| ഡോ.ജിബിൽ.പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 30-01-2020 | 31-03-2021 |
| രജനി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 04-01-2021 |
| ഷീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-01-2021 | 31-03-2021 |
| ബാബു | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ലീന.ടി.കെ | ഡി.എഫ്.ഐ | 01-04-2020 | 31-03-2021 |
| മുജീബ്.സി | കൃഷി ഓഫീസർ | 01-04-2020 | 02-11-2020 |

| | | | |
|---|---|---|---|
| അമൽ.എസ്.ഡി | കൃഷി ഓഫീസർ | 02-11-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ.<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shibin K S (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച അപാകതകൾ<br>Written By: Vijesh K.K (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-9 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-10 |
| 13 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-11 |
| 14 | കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ ക്രമവൽക്കരണം നടത്തി നമ്പർ അനുവദിച്ചു<br>Written By: Shibin K S (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-12 |
| 15 | സഞ്ചയയിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിക്കുന്നു<br>Written By: Shibin K S (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-13 |
| 16 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Shibin K S (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-14 |
| 17 | ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് | 1-15 |

| | | |
|---|---|---|
| | സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ<br>Written By: Shibin K S (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | |
| 18 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- കെൽട്രോണിൽ അധികം അടവാക്കിയ തുക തിരികെ ലഭ്യമാവാത്തതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-16 |
| 19 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-17 |
| 20 | വിവിധ പ്രൊജക്ടുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-18 |
| 21 | ഭക്ഷണവിതരണം പോലും നടക്കാതെ അഗതിരഹിത കേരളം പ്രൊജക്ട്<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-19 |
| 22 | ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി അടവാക്കിയ തുക ജലനിധി എകൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-20 |
| 23 | പൊതുടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കൽ- പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയില്ല.<br>Written By: M.Karunakaran (Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-21 |
| 24 | അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് ഫലപ്രദമല്ല.<br>Written By: Disha R.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-22 |
| 25 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Disha R.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-23 |
| 26 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-24 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-25 |
| 28 | എം.സി.എഫ് -ൽ നിന്ന് കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യുന്നില്ല- മാലിന്യക്കൂമ്പാരം-നിയമാനുസൃത പ്രവർത്തന ലൈസൻസുമില്ല<br>Written By: Jayan P (Senior Grade Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-26 |
| 29 | പുതുതായി നിർമ്മിച്ച വനിതാ കൌൺസിലിംഗ് സെന്ററിന്റെ മേൽക്കൂരയിലും സൺഷെയ്ഡിലും ചോർച്ച<br>Written By: Jayan P (Senior Grade Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-27 |
| 30 | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം ഏങ്ങുമെത്തിയില്ല<br>Written By: Jayan P (Senior Grade Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-28 |

| | | |
|---|---|---|
| 31 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് പഞ്ചായത്തിന്റെ അനുമതിയില്ലാതെ കേബിൾ ഇടുന്നതിന് കീറി നാശം വരുത്തി<br>Written By: Jayan P (Senior Grade Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-29 |
| 32 | അതിർത്തി ബോർഡുകൾ സ്ഥാപിച്ചതിന്റെ പൂർണ്ണമായ വിവരം ലഭ്യമല്ല<br>Written By: Jayan P (Senior Grade Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 15-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 15-05-2022)<br>Last Updated By: Shibin K S (Auditor, On 15-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവവലോകനം<br>Written By: Vijesh K.K (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 15-05-2022)<br>Last Updated By: Vasudevan M (Deputy Director, On 18-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 25.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട1 തീരുമാനം 1/20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 18.2.21 ലെ അജണ്ട 1 തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര് യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . നിശ്ചിത സമയപരിധി പാലിച്ചിട്ടില്ലെങ്കിലും സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ച ബജറ്റും പരിശോധനക്ക് വിധേയമാക്കിയതിൽ ആയത് തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വാർഷിക ബജറ്റിൽ മുന്നിരിപ്പുൾപ്പെടെ 228008361 രൂപ വരവും 227310500 രൂപ ചെലവും 697861 രൂപ നീക്കിയിരിപ്പും രേഖപ്പെടുത്തിയപ്പോൾ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 58357861 രൂപയും ചെലവ് 52269964 രൂപയുമാണ്. പ്രധാന നികുതി , നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും സാമ്പത്തിക വർഷത്തെ യഥാർത്ഥവരവും തമ്മിൽ വലിയ വ്യതാസമുണ്ട്. ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ടെങ്കിലും റിവൈസ് ബജറ്റ് പ്രകാരമുള്ള വരവിലും കൂടിയ തുകയാണ് യഥാർത്ഥ വരവ് വന്നിരിക്കുന്നത്.

| ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| തൊഴിൽ നികുതി | 800000 | 813140 |
| ഫീസ്&യൂസർചാർജ് | 320000 | 346169 |

അതേ പോലെ ചെലവിനങ്ങളിൽ ചില ഹെഡുകളിൽ വകയിരുത്തിയതിൽ കൂടുതൽ തുക യഥാർത്ഥ ചെലവു വന്നിട്ടുണ്ട്. ഉദാഹരണത്തിന് എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസ് ഇനത്തിൽ റിവൈസ്ഡ് ബജറ്റ് പ്രകാരം 8507000 രൂപ വകയിരുത്തിയപ്പോൾ യഥാർത്ഥ ചെലവ് 8839298, അതേ പോലെതന്നെ ഓപ്പറേഷൻ & മെയിന്റനൻസ് ഇനത്തിൽ റിവൈസ്ഡ് ബജറ്റിൽ 601813 രൂപ ചെലവു പ്രതീക്ഷിച്ചതിൽ യഥാർത്ഥ ചെലവ് 688087 രൂപയാണ്. തൻവർഷത്തെ വരവു ചെലവുകൾക്കാനുപാതികമായി ബജറ്റ് പരിഷ്കരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാവുന്നു.

ബജറ്റ് തയ്യാറാക്കുമ്പോളും ആയത് റിവൈസ് ചെയ്യുപ്പോഴും ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 27.04.2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3562200 |
| ഓഡിറ്റ് വർഷത്തെ വരവ് | 54795661 |
| ആകെ | 58357861 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 52269964 |
| നീക്കിയിരിപ്പ് | 6087897 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 8314883 | 8314883 | 7758731 | 556152 |
| വികസന ഫണ്ട് .S.C.P | - | 4633271 | 4633271 | 4424988 | 208283 |
| C.F.C | - | | | | |
| M.G.(Road) | - | 6989000 | 6989000 | 6989000 | 0 |
| M.G.( NonRoad) | - | 3456681 | 3456681 | 2747257 | 709424 |
| ദുരിതാശ്വാസ നിധി | 9539 | 289 | 9828 | 0 | 9828 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 64992735 | 64992735 | 64992735 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്റ്റേറ്റീവ് ചെലവ്) | 1018960 | 2914685 | 3933645 | 3764267 | 169378 |
| ഐ.സി.ഡി.എസ് | 487303 | 724408 | 1211711 | 900000 | 311711 |
| എം.പി.ഫണ്ട് | 136358 | 0 | 136358 | 660 | 135698 |
| ശുചിത്വ മിഷൻ ഫണ്ട് | 2867775 | 1612968 | 4480743 | 1606225 | 2874518 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ.

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1). ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്),(റോഡ്), എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 30866441 | 10489175 |
| വികസനഫണ്ട് | 22257950 | 5449965 |

| | | |
|---|---|---|
| (എസ്.സി.പി) | | |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 5229883 | 4442611 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 9083431 | 8583431 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 143 | 115 | 7 | 21 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 143പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 122പ്രൊജക്ടുകൾക്ക് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രൊജക്ടുകൾക്കായി 73323243 രൂപ വകയിരുത്തിയതിൽ 35924712 രൂപ പ്രൊജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ ലഭ്യമായ വികസന ഫണ്ട്/മെയിന്റെനന്സ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലക്ഷക്കണക്കിന് രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 8314883 | 7758731 | 556152 |
| വികസന ഫണ്ട് -SCP | 4633271 | 4424988 | 208283 |
| മെയിന്റെനന്സ് ഗ്രാന്റ്-നോൺ റോഡ് | 3456681 | 2747257 | 709424 |
| മെയിന്റെനന്സ് ഗ്രാന്റ് റോഡ് | 6989000 | 6989000 | - |
| C.F.C. ഗ്രാന്റ് (Tied) | 3860000 | 925159 | 2934841 |
| C.F.C. ഗ്രാന്റ് ( UnTied) | 6493414 | 4489159 | 2004255 |
| ആകെ - | 33747249 | 27334324 | 6412955 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 33747249 രൂപയിൽ 27334324 രൂപ മാത്രമെ പഞ്ചായത്തിന് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 6412955 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

മെയിന്റെനൻസ് ഗ്രാന്റ് റോഡ് ഒഴികെ മറ്റ് ഫണ്ടുകൾ പൂർണമായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ പോയതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത്. തനത് ഫണ്ട് അപര്യാപ്തമായ പഞ്ചായത്തിൽ ലഭ്യമാവുന്ന വികസനഫണ്ട് പഞ്ചായത്തിന്റെ അനിവാര്യ വകയിരുത്തലുകൾ കഴിഞ്ഞാൽ മറ്റ് പ്രൊജക്ടുകൾക്ക് തുക വകയിരുത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല അംഗനവാടി പൂരക പോഷകാഹാരം, എസ്.എസ്.കെ മുതലായ അനിവാര്യ വകയിരുത്തലിന് ആവശ്യമായ തുക വകയിരുത്താൻ കഴിയാത്തത് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. ഈ ഒരവസ്ഥയിലാണ് വികസനഫണ്ട് ജനറൽ, എസ്,സി.പി ഇനങ്ങളിൽ ലഭ്യമായ തുകയിൽ 764435 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുള്ളത്.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസി.എഞ്ചിനീയറുടെ പ്രൊജക്ടനിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 72 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 61 പ്രൊജക്ടക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ കൃഷി ഓഫീസർ, വി.ഇ.ഒ, സെക്രട്ടറി, ഒഴികെയുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും തങ്ങളുടെ മേഖലയിലുള്ള എല്ലാപ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.എം.എസ്.നമ്പർ 11/2018/ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്. പഞ്ചായത്ത് തയ്യാറാക്കി വർഷം തോറും പരിഷ്കരിച്ചുവരുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലകളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ തനത് ഫണ്ട് ജീവനക്കാരുടെ ശമ്പളം, മറ്റ് അനിവാര്യ ചെലവുകൾ എന്നിവക്ക് അപര്യാപ്തമാണെന്നിരിക്കെ ആയത് പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് ചെറിയതോതിലാണെങ്കിലും വകയിരുത്തി മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത പഞ്ചായത്തിൽ നിലനിൽക്കുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തികവർഷത്തിൽ പ്രൊജക്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടിട്ടുണ്ട്. അതേ പോലെതന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പലപ്പോഴും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ പങ്കെടുത്ത് കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ യോഗ മിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തി വരുന്ന എന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10,18,960 | 29,14,685 | 39,33,645 | 37,64,267 | 1,69,378 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 6,49,92,735 | 6,49,92,735 | 6,49,92,735 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 13 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 5,969 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4,126 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2,787 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 959 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 73.55 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 390 |
| വകയിരുത്തിയ തുക | 14,10,75,000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 365 |
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 5,87,49,927 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 38,99,190 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്കു നൽകി തൻവർഷം ലഭിച്ച തുക | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,00,38,800 | 656 |
| വിധവാ പെൻഷൻ | 94,38,700 | 616 |
| വാർദ്ധക്യകാല പെൻഷൻ | 1,56,63,900 | 1166 |
| വികലാംഗ പെൻഷൻ | 29,74,000 | 201 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,97,000 | 27 |
| വിവാഹ ധനസഹായം | 60,000 | 2 |

### 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ, അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലഭിച്ച ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ സമയപരിധിയ്ക്കകം തീരുമാനം കൈകൊള്ളുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനം | ആകെ അപേക്ഷകരുടെ എണ്ണം | സമയപരിധിക്കുള്ളിൽ തീർപ്പാക്കിയ അപേക്ഷകളുടെ ആകെ എണ്ണം | സമയപരിധി കഴിഞ്ഞ് തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 182 | 147 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 13 | 7 | 3 |
| വിധവ പെൻഷൻ | 20 | 12 | 4 |

പട്ടികയിൽ കൊടുത്ത പ്രകാരം പഞ്ചായത്തിൽ പെൻഷൻ അപേക്ഷകൾ മുഴുവൻ സമയബന്ധിതമായി അനുവദിക്കുന്നില്ല എന്ന് കാണുന്നു. ഇത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ

ഭരണസമിതിയോ പരിശോധിക്കുന്നില്ല. നിലവിൽ സേവനയിൽ സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയ തീയതി മുതൽക്ക് മാത്രമാണ് പെൻഷൻ ലഭിക്കുകയുള്ളൂ. ഇതിനാൽ തന്നെ അർഹമായ പെൻഷൻ ഗുണഭോക്താവിന് നഷ്ടപ്പെടാനിത് ഇടയാക്കുന്നു. പെൻഷൻ അപേക്ഷകൾ ലഭിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിലും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിലും സമയപരിധി പാലിക്കുന്നില്ല. ഇത് പരിശോധിക്കുന്നതിനുള്ള ക്ഷേമ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ എല്ലാം ഉൾപ്പെടുത്തുന്നില്ല. പെൻഷൻ അപേക്ഷ ലഭിച്ച തീയതിയും അന്വേഷണത്തിനായി നൽകിയ തീയതിയും, അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയ തീയതിയും, സ്റ്റാന്റിംഗ് കമ്മിറ്റി പെൻഷൻ പാസ്സാക്കിയ തീരുമാന നമ്പറും തീയതിയും, സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്ത തീയതിയും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇത് പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാവുന്നത് എവിടെയെന്ന് കണ്ടെത്തി അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല .

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ഇത് അനർഹമായി പെൻഷൻ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പോവുന്നതിന് ഇടയാക്കുന്നു. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ മരണപ്പെട്ടവർക്ക് മരണപ്പെട്ടതിന് ശേഷവും വിതരണം ചെയ്ത തുക തിരിച്ച് പിടിച്ചതായി ഒരു കേസുപോലും ഇല്ല എന്നാണ് ഓഡിറ്റ് എൻക്വയറി 2/21ന് മറുപടിയായി പഞ്ചായത്ത് നൽകിയിട്ടുള്ളത്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അംഗൻവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കനവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.05.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5001/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചുനൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത്

വേണ്ടത്ര ശ്രദ്ധ ചെലുത്തി കാണുന്നില്ല. 2020-21 ൽ 5 പ്രാവശ്യം മാത്രമെ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടിയിട്ടുള്ളൂ. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ സാമ്പത്തിക വർഷത്തിൽ കോവിഡ് പാശ്ചാത്തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം നൽകിയത് ചില അപേക്ഷകളുടെ കാര്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പരാതി രജിസ്റ്ററിൽ പരാതിയിൽ കൈകൊണ്ട തീരുമാനം പലപ്പോഴും രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് ഡയറി പരിശോധിച്ചതിൽ തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് അതത് ദിവസം തന്നെ കൈമാറുന്നതായി കാണുന്നില്ല. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻക്യുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ട്. 2006-07 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി 54 പരാമർശങ്ങൾ മാത്രമെ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നുള്ളൂ.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഒരു സൂപ്പർ ന്യൂമററി ക്ലാർക്ക് ഉൾപ്പെടെ 5 ക്ലാർക്ക്, 3 സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതു കൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമ മാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കിലെ RP 5പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 188221/-രൂപ വരവ് ഉണ്ട്. എന്നാൽ വരവ് കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി 3) എന്നത് ഫിക്സഡ് അസറ്റിന്റെയും (B11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B-11a) ആകെ തുകയായിരിക്കണം. എന്നാൽ AFS പരിശോധിച്ചതിൽ ഇവ തമ്മിൽ 4407709/-രൂപയുടെ വ്യത്യാസം കാണുന്നു.
4. ബാലൻസ് ഷീറ്റിലെ B-14പ്രകാരം ക്ലോസിങ്ങ് സ്റ്റോക്ക് ഇനത്തിൽ 65932/-രൂപ ബാലൻസ് ഉണ്ട്. ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. ബാലൻസ് ഷീറ്റിലെ B-11പ്രകാരം ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന് ആധികാരികമായ വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല.
7. അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിങ്ങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
8. 2019-20വാർഷിക കണക്ക് B-15 പ്രകാരം വസ്തുനികുതി (Non Res) അരിയർ ഇനത്തിൽ 50573/-രൂപ കുടിശ്ശികയുണ്ട്. എന്നാൽ 2020-21ലെ RP-43പ്രകാരം ഈ ഇനത്തിലെ വരവ് 44390/-രൂപയാണുള്ളത്. അതായത് 6183/-രൂപ പിരിക്കാനുണ്ട്. എന്നാൽ 2020-21 ലെ B-15 പ്രകാരം ഈ ഇനത്തിൽ 614/- രൂപ മാത്രമാണ് കിട്ടാനുള്ളതായി വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ളു.
9. വസ്തുനികുതി ഇ-പെയ്മെന്റുകളിലൂടെയുള്ള വരവ് തുക SBI ഇ-പെയ്മെന്റ് ബാങ്ക് അക്കൗണ്ടിൽ സമയബന്ധിതമായി ക്രഡിറ്റ് ആവുന്നില്ല. ഇ-പെയ്മെന്റ് രസീറ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ കൊടുത്ത തുകകൾ സാമ്പത്തിക വർഷാവസാനം വരെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മെന്റ് തീയതി | തുക |
|---|---:|
| 23-01-21 | 265 |
| 25-01-21 | 463 |
| 28-01-21 | 2132 |
| 29-01-21 | 2379 |
| 04-02-21 | 1489 |
| 01-03-21 | 995 |
| 06-03-21 | 1970 |

| | |
|---|---|
| 16-03-21 | 1646 |
| 18-03-21 | 1071 |
| 30-03-21 | 1020 |

11. 2020-21 ലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം ജലനിധി അക്കൗണ്ടിൽ ചെലവഴിയ്ക്കാൻ ബാക്കിയുള്ളതായി 27895/- രൂപയാണ് കാണുന്നത്. എന്നാൽ ജലനിധിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് (B-17പ്രകാരം) 16019/- രൂപയാണ് കാണുന്നത്.

## 1-11 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടികൾ പരിശോധിച്ചതിൽ 2006-07 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി 54 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ കൈകൊണ്ടിട്ടുണ്ട്. തീർപ്പാക്കാനവശേഷിക്കുന്ന ഭൂരിഭാഗം പരാമർശങ്ങൾക്കും മറുപടി ലഭ്യമാക്കിയതായി ഹെഡ് ക്ലാർക്ക് അറിയിച്ചു. 2017-18, 2018-19, 2019-20 വർങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ എല്ലാ റിപ്പോർട്ടുകൾക്കും നിശ്ചിത സമയപരിധി കഴിഞ്ഞിട്ടാണെങ്കിലും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള അനന്തരപരാമർശ പ്രകാരം തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾക്ക് തുടർ മറുപടി ലഭ്യമാക്കി പരാമർശങ്ങൾ തീർപ്പാക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിട്ടുണ്ട്.

## 1-12 കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ ക്രമവൽക്കരണം നടത്തി നമ്പർ അനുവദിച്ചു

ഫയൽ നം. എ1/2969/2020, തീ-22.09.2020 പ്രകാരം കൂത്താളി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ റീ.സ നം. 36/68 ലെ 4.25 ആർ സ്ഥലത്ത് 196.35 ച.മീ റസിഡൻഷ്യൽ/കൊമേഴ്സ്യൽ കെട്ടിടം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ശ്രീ.റഫീഖ്, കിഴക്കെമഠത്തിൽ, തണ്ടോറപ്പാറ എന്നയാൾ അപേക്ഷിച്ചിരുന്നു. അപേക്ഷയും അനുബന്ധരേഖകളും പരിശോധിക്കുന്നതിനായി 26.09.2020ന് ഓവർസിയർക്ക് കൈമാറി. 16.11.2020 ന് ഗ്രേഡ് 1 ഓവർസിയർ പരിശോധിച്ച് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയുന്ന ന്യൂനതകൾ രേഖപ്പെടുത്തി പരിഹരിക്കുന്നതിനായി പ്ലാൻ തിരികെ നൽകി.

1. പ്ലാനിൽ റാംപ് രേഖപ്പെടുത്തിയിട്ടില്ല. ആയത് സ്ലോപ്പ്, അളവ് ഉൾപ്പെടുത്തി വരക്കേണ്ടതാണ്.
2. ഡിസേബിൾഡ് പാർക്കിംഗ് കാണിച്ചിട്ടില്ല. അളവോടുകൂടി രേഖപ്പെടുത്തേണ്ടതാണ്.

അപാകതകൾ പരിഹരിച്ചതായി അറിയിച്ചുകൊണ്ട് 28.12.2020 ന് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 06.01.2021 ന് ഗ്രേഡ് 1 ഓവർസിയർ നൽകിയ റിപ്പോർട്ട് പ്രകാരം ന്യൂനതകൾ ഫയലിലും സൈറ്റിലും പരിഹരിച്ചതായും നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായതിനാൽ ക്രമവൽക്കരണം നടത്തി ഒക്യുപൻസി അനുവദിക്കാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ റിപ്പോർട്ട് പ്രകാരം ശ്രീ.റഫീഖ്, കിഴക്കെമഠത്തിൽ, തണ്ടോറപ്പാറ എന്നയാളുടെ കെട്ടിടത്തിന് 5/89 A, 5/89 B, 5/89 C, 5/89 D, 5/89 E, 5/89 F, 5/89 G, 5/89 H എന്നീ നമ്പറുകൾ അനുവദിക്കുകയും ചെയ്തു.

ശ്രീ.റഫീഖ് പുനർസമർപ്പിച്ച പ്ലാനിന് അനുമതി നൽകിയെങ്കിലും താഴെ പറയുന്ന അപാകത നിലനിൽക്കുന്നു.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 39 പ്രകാരം ഏതു

കെട്ടിടത്തിലേയും ഇടനാഴി, വരാന്ത, പ്രവേശന മാർഗ്ഗങ്ങൾ തുടങ്ങിയവയുടെ വീതി ഒരു കാരണവശാലും 1 മീറ്ററിൽ താഴെ കുറയാവുന്നതല്ല. എന്നാൽ 22.09.2020ന് സമർപ്പിച്ച പ്ലാനിലും 28.12.2020ൽ പുനഃസമർപ്പിച്ച പ്ലാനിലും കെട്ടിടത്തിന്റെ ഒന്നാം നിലയിലെ പുറക് വശത്തെ ഇടനാഴിക്ക് 0.80 മീറ്റർ മാത്രമാണ് വീതി കാണിച്ചിട്ടുള്ളത്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (2019) ചട്ടം 39 പ്രകാരമുള്ള വീതി ഇടനാഴിക്ക് പ്ലാനിലും കെട്ടിടത്തിലും നൽകാതിരുന്നിട്ടും ക്രമവൽക്കരണം നടത്തി ഒക്യുപൻസി അനുവദിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-13 സഞ്ചയയിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിക്കുന്നു

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 199 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 18 വേണുഗോപാലൻ | ഫെർട്ടിലൈസേഴ്സ് നടത്തുന്നതിന് | 13/364 | ഹമീദ്, വട്ടക്കണ്ടി, കുത്താളി | പാർപ്പിടാവശ്യം |
| 61 ലത്തീഫ് | ബേക്കറി | 5/68 | മാനേജർ, ഈസ്റ്റ് എ.എം.എൽ.പി സ്കൂൾ , തണ്ടോറപ്പാറ | വിദ്യാഭ്യാസാവശ്യം |
| 93 കണാരൻ.ടി.കെ | പലചരക്ക് കച്ചവടം | 1/141 | മുഹമ്മദലി, കന്നിപ്പൊയിൽ, മൂരിക്കുത്തി, കുത്താളി | പാർപ്പിടാവശ്യം |
| 118 | - | 2/579 | കുഞ്ഞാമി, | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| സന്തോഷ്.സി.പി | | | തോട്ടത്തിൽ, കുത്താളി | |
| 152 ശ്രീജിത്ത്.കെ.കെ | ബേക്കറി | 8/221 | വത്സല, കുന്നമ്മൽ, മേഞ്ഞാണ്യം | പാർപ്പിടാവശ്യം |

ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസാവശ്യം/പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി-അപാകതകൾ

(I)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2020-21 സാമ്പത്തിക വർഷം കുത്താളി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. എൽദോ.വി.സി, വെട്ടിക്കാട്ട് ഹൗസ്, മാറ്റാനോട്, കോഴിക്കോട്

2) ശ്രീ. വി.കെ.സാജു, വെള്ളിയാൻകണ്ടി, പേരാമ്പ്ര

3) ശ്രീ. സുഭാഷ്.പി.കെ, പുനത്തിൽക്കണ്ടി, കോട്ടൂർ, നടുവണ്ണൂർ

4) ശ്രീ. ലിജീഷ്.ബി, കോഴിക്കോടൻകുന്നമ്മൽ, പറമ്പിൻമുകൾ, ബാലുശ്ശേരി

5) ശ്രീ. ബബീഷ്.എം.സി, പുളിയാതിരക്കൽ, നൊച്ചാട്

6) ശ്രീ. മുഹമ്മദ് ജാഷിം.എം, മക്കാരിമിൻവില്ല, നടുവണ്ണൂർ

7) ശ്രീ. ശ്രീനാഥ്.എം.സി, വിഷ്ണുപ്രഭ, കാവിൽ, നടുവണ്ണൂർ

8) ശ്രീ. ഗഫൂർ, പടിക്കാട്, നൊച്ചാട്

9) ശ്രീ. ഹമീദ്.യു.പി, പാലേരി, വടക്കുംമ്പാട്

10) ശ്രീ. എ.കെ.സദാനന്ദൻ, ചങ്ങരോത്ത്

11) ശ്രീ. സ്വരാജ്, സൗപർണ്ണിക

12) ശ്രീ. ഷംസുദ്ദീൻ, റോസ് മഹൽ

13) ശ്രീ. ബാബു.കെ.പി, കുന്നംപാറപൊയിൽ

14) ശ്രീ. രാജീവൻ.കെ.പി, കല്ലോട്

15) ശ്രീ. ബിജു, പാറശ്ശേരി

16) ശ്രീ. ചന്ദ്രൻ.എം.സി, കാരയാട്

li)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. കുത്താളി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) സീന സോമിൽ

2) മലബാർ ട്രേഡേഴ്സ്

3) ത്രീസ്റ്റാർ ഇന്റർലോക്ക്

4) വുഡ് ഷൈൻ ഫർണിച്ചർ വർക്സ്

5) വി.കെ.ബ്രദേഴ്സ്

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/20-21, തീ-16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽനികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ വിവരങ്ങളും സ്ഥാപന മേധാവികൾ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ കരാറുകാരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-21 ഓഡിറ്റിന്റെ ഭാഗമായി ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

l) കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കുന്നു

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടപ്രകാരം 7 ലെ പട്ടിക II പ്രകാരം ഉത്പാദനമേഖലയിൽ 25 ലക്ഷത്തിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷത്തിൽ കൂടാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു.

ആകെ 199 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയോ/പുതിയ ലൈസൻസ്

എടുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 96 സ്ഥാപനങ്ങൾക്ക് 200/- രൂപാ വീതവും, 33 സ്ഥാപനങ്ങൾക്ക് 300/- രൂപാ വീതവും ആണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ കുറച്ച് ഈടാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് തൻത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2018 ലെ ചട്ടം പട്ടിക II-ൽ നിഷ്കർഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായ തുക ലൈസൻസ് ഫീസായി ഈടാക്കിയതിൽ വിശദീകരണം നൽകേണ്ടതാണ്.

II) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 790 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ കുത്താളി ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 12 ആണ്. അതായത് 778 കെട്ടിടങ്ങൾ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നവയാണ്. ഓഡിറ്റ് വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 199 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട എഫ്.ടി.ഇ & ഒ.എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 236 ആണ്. അതായത് നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത നിലനിൽക്കുന്നു എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.

കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- കെൽട്രോണിൽ അധികം അടവാക്കിയ തുക തിരികെ ലഭ്യമാവാത്തതും മറ്റ് അപാകതകളും.

പ്രൊജക്ട് നമ്പർ- 155/21

വകയിരുത്തിയ തുക- 300000

ചെലവുതുക- 202345 (ബിൽ നമ്പർ- 36/15.2.21)

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ, ഹൈസ്പീഡ് സ്കാനർ എന്നിവ വാങ്ങുന്നതിനാണ് പ്രൊജക്ട് പ്രകാരം തുക വകയിരുത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ മുഖേന വാങ്ങുന്നതിന് 5 കമ്പ്യൂട്ടറുകൾക്കായി 202345 രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും ലഭ്യമായ ഇൻവോയിസ് പ്രകാരം അടവാക്കുകയും 20.7.21 ൽ 5 എയിസർ ഡസ്ക് ടോപ്പുകൾ സ്ഥാപനം ലഭ്യമാക്കുകയും ചെയ്തു. ആയതിന് കെൽട്രോൺ ലഭ്യമാക്കിയ കാഷ് ബിൽ പ്രകാരം കമ്പ്യൂട്ടറുകൾക്ക് നികുതി ഉൾപ്പെടെ 198985 രൂപയാണ് വില രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും 3360 (202345-198985) രൂപ കെൽട്രോണിൽ അധികം അടവാക്കിയതായി കാണുന്നു. ആയത് നാളിതുവരെ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ പഞ്ചായത്ത് കൈകൊണ്ട നടപടികൾ അറിയിക്കുന്നതോടൊപ്പം താഴെപ്പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടറുകൾക്ക് പുറമെ ഹൈസ്പീഡ് സ്കാനർ വാങ്ങുന്നതിന് ആവശ്യമായഫണ്ട് വകയിരുത്തിയിട്ടും ആയത് വാങ്ങിക്കാണുന്നില്ല .
2. ധനകാര്യ വകുപ്പിന്റെ 86/2010/ ഫിൻ 24.9.2010 സർക്കുലർ പ്രകാരം കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറിന്റെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരമൊരു സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കാൻ കെൽട്രോണിൽ റീഫണ്ട് റിക്വസ്റ്റ് നൽകിയതായി അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ച് അപാകത പരിഹരിക്കാവുന്നതാണ്. കെൽട്രോണിൽ അധികം അടവാക്കിയ 3360 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-17 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

പ്രൊജക്ട് നമ്പർ- 14/21

വകയിരുത്തിയ തുക- 472500

ചെലവുതുക--- 360000(ബിൽ നമ്പർ-7/20-21 തി 4.3.21&9/20-21തി 27.3.21)

കുത്താളി ഗ്രാമപഞ്ചായത്തിൽ നെൽകൃഷി പ്രൊത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പ്രൊജക്ട്പ്രകാരം 30 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത കർഷകർക്ക് കൂലിചെലവ് അനുവദിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.ആയത് പ്രകാരം വിവിധ പാടശേ ഖരസമിതിയിലെ 165 കർഷകർക്ക് കൂലിചെലവ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതവും, ജില്ലാപഞ്ചായത്ത് വിഹിതവും വിതരണംചെയ്തിട്ടുണ്ട്. വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രൊജക്ടായാണ് ചെലവഴിച്ചത്.കൂലി ചെലവ് സബ്സിഡി വിതരണം ചെയ്തതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. സ.ഉ.നമ്പർ 22/18/ത.സ്വ.ഭ.വ.തി 14.2.2018 ഖണ്ഡിക 6.1.6 പ്രകാരം വിള ഇൻഷൂറൻസ് തുക മുൻകൂട്ടി അടക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കർഷകർ വിള ഇൻഷൂർചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. ആനുകൂല്യം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിച്ചുകാണുന്നില്ല. ഉദ-പനക്കാട് പാടശേഖരസമിതിയിൽപെട്ട മോഹനൻ എം. എസ്.ബി.ഐ. എകൗണ്ട് നമ്പർ 31114899995 എന്ന ആൾ 50സെന്റ് സ്ഥലത്ത് നെൽകൃഷി നടത്തിയതായി പാടശേഖരസമിതി മുഖേന അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്താവിന് ആനുകൂല്യം വിതരണം ചെയ്തതായി കാണുന്നില്ല.
3. ഗുണഭോക്താവിന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയ ബാങ്ക് എകൗണ്ടിന് പകരം വേറൊറു എകൗണ്ടിലേക്ക് സബ്സിഡിതുക ട്രാൻസ്ഫർ ചെയ്തുകാണുന്നു.ഉദാ. ഹേമലത ടി.പി. എന്ന ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയിൽ കേരള ഗ്രാമീണ ബാങ്കിലുള്ള 40203101011544എകൗണ്ട് നമ്പറാണ് നൽകിയിരിക്കുന്നത് എന്നാൽ ഗുണഭോക്താവിന്റെ ആനുകൂല്യം എസ്.ബി.ഐ.യിലെ 31953240427 നമ്പർ എകൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് . ഇത് ഹേമലതയുടെ എകൗണ്ടാണെന്നതിന് രേഖകളില്ല.
4. ഗുണഭോക്താവിന് അർഹമായതിലും കൂടിയ തുക അനുവദിച്ചു.-പൈതോത്ത് പാടശേഖര സമിതിയിലെ ഒരുഗുണഭോക്താവായ ശ്രീ.ബാലകൃഷ്ണൻ നായർ ഇ.പി ലഭ്യമാക്കിയ അപേക്ഷയിൽ ടിയാൻ 35 സെന്റ് സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതായാണ് രേഖപ്പെട്ട ത്തിയത് 35 സെന്റ് സ്ഥലത്തിന്റെ കൈവശസർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ലഭ്യമാക്കി യിട്ടുണ്ട്.സബ്സിഡി മാർഗരേഖ പ്രകാരം ടിയാന് അനുവദിക്കാവുന്ന പരമാവധി ആനുകൂല്യം 2408 രൂപയാണ് . എന്നാൽ ഗുണഭോക്താവിന് ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ നിന്നും 3840 രൂപ (1920+1920=3840)സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.20-21 ൽ സ്പിൽ ഓവറായി ബ്ലോക്ക് ഷെയറും അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന് അർഹമായതിലും കൂടിയ തുക അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
5. കൂലി ചെലവി സബ്സിഡിക്കുള്ള അപേക്ഷകൾ ഉദ്യോഗസ്ഥർ പരിശോധനക്ക് വിധേയമാക്കി നൽകിയ തുകയുടെ ആധികാരികത ഉറപ്പുവരുത്തുന്നില്ല. അപേക്ഷയിൽ ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഭാഗം ഉണ്ടെന്നിരിക്കെ ഒരു അപേക്ഷയിൽ പോലും പരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.
6. സ്റ്റാറ്റസ് റിപ്പോർട്ടിൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നെല്ല്, തെങ്ങ്,മറ്റ് വിളകൾ എന്നിവ കൃഷിചെയ്യുന്നസ്ഥലത്തിന്റെ ആകെ വിസ്തീർണം, വാർഷിക ഉത്പാദനം മുതലായ അടിസ്ഥാന ഘടകങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആയത് കൊണ്ട് തന്നെ എല്ലാ നെൽകൃഷി കർഷകർക്കും ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാവുന്നില്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തതിന്റെ രേഖകൾ , അപേക്ഷകൾ എന്നിവ വിശദമായ പരിശോധനക്ക് വിധേയമാക്കി അനർഹർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതും, സർക്കാർ മാർഗ നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് അധികം അനുവദിച്ച സബ്സിഡിതുക തിരികെ ഈടാക്കേണ്ടതുമാണ്.

1-18 വിവിധ പ്രൊജക്ടുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | അടവാക്കിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 96/21-I.K.M വിഹിതം നൽകൽ | 52000 | 52000 (ബിൽ നമ്പർ 24/27.11.22 | എക്സിക്യൂട്ടീവ് ഡയറക്ടർ. I.K.M | വിനിയോഗവിവരം ലഭ്യമല്ല |
| 152/21-ജൽജീവൻ | 398200 | 398200(ബിൽ നമ്പർ-39/27.2.21 | കേരള വാട്ടർ അതോറിറ്റി P.H. ഡിവിഷൻ | വിനിയോഗവിവരം ലഭ്യമല്ല |
| ആകെ | 450200 | | | |

മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഐ.കെ,എം.ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ജലജീവൻ മിഷന് വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിനായി കത്ത് നൽകിയതായും അറിയിച്ചു, വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 450200 രൂപ തടസ്സത്തിൽ വെക്കുന്നു.

1-19 ഭക്ഷണവിതരണം പോലും നടക്കാതെ അഗതിരഹിത കേരളം പ്രൊജക്ട്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. കുത്താളി പഞ്ചായത്ത് ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 8-7-.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 86 കുടംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 11338554 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 2978754 രൂപയും വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുവായി അനുവദിച്ച 992918 രൂപയിൽ മുൻ ആശ്രയ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 967150 രൂപ കഴിച്ച് 25768 രൂപ മേൽ ഉത്തരവിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. 5.3.21ൽ 992918 രൂപ രണ്ടാം ഗഡുവായും അനുവദിച്ചു. പ്രൊജക്ടുപ്രകാരം വിവിധ സേവനപരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളിൽ ഭവനം

ആവശ്യമുള്ള 8കുടുബങ്ങളും, ഭവനപുനരുദ്ധാരണം ആവശ്യമുള്ള 23 കുടംബങ്ങളും, ഭൂരഹിതരായ 5 കുടുബങ്ങളും ഉണ്ടെങ്കിലും ആയതിൽ എത്രപേർക്ക് ഇത്തരം അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടു എന്നതിന്റെ വ്യക്തമായ കണക്ക് കുടുംബശ്രീയിലോ, പഞ്ചായത്തിലോ ലഭ്യമല്ല. രണ്ട്പേർക്ക് ഭവന പുനരുദ്ധാരണത്തിന് കുടുംബശ്രീ മുഖേന തുക ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്റ്റ് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷപൂർത്തിയാവാറായിട്ടും ഭക്ഷണവിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. ചലഞ്ച് ഫണ്ട് അവസാനഗഡു ലഭ്യമാവാത്തതിനാൽ 2022 ജനുവരി മാസം മുതൽ ഭക്ഷണവിതരണം പോലും നടക്കാത്ത അവസ്ഥയിലാണ്. പഞ്ചായത്തിൽ അഗതി രഹിത കേരളം പ്രൊജക്റ്റിന്റെ പ്രധാന ഘടകങ്ങളായ ഭവനം, ഭവനപുനരുദ്ധാരണം, കിടപ്പാടം, കുടിവെള്ളം, കക്കൂസ് മുതലായവ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കൈകൊണ്ട നടപടികൾ വിശദമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരംഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. അതേപോലെ തന്നെ കിടപ്പാടം ആവശ്യമുള്ള 5 കുടുംബങ്ങളിൽ ഒരാൾക്കുപോലും പഞ്ചായത്ത് കിടപ്പാടം നൽകിക്കാണുന്നില്ല . അഗതികൾക്ക് കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

അഗതിരഹിതകേരളം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1. അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ്.ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃതബാങ്കിൽ പുതിയ അക്കൗണ്ട് ആരംഭിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും കുടുബശ്രീയുടെ പഴയ ആശ്രയ അക്കൗണ്ടാണ് അഗതിരഹിത കേരളം പ്രൊജക്റ്റിനായി ഉപയോഗിക്കുന്നത്.
2. അഗതി രഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.
3. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചുനൽകേണ്ടതാണെങ്കിലും വിലയുരുത്തൽ സമിതി 16.7.21 ശേഷം യോഗം ചേർന്നതായി കാണുന്നില്ല.
4. അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതും പ്രവർത്തനക്ഷമമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം അഗതിരഹിത കേരളം ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനപരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി അടവാക്കിയ തുക ജലനിധി എകൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതും മറ്റ് അപാകതകളും.

പ്രൊജക്റ്റ്നമ്പർ- 122/21

വകയിരുത്തിയ തുക- 1300790

ചെലവുതുക- 1032432(ബിൽ നമ്പർ- 3/20-21 തി 17.5.20-207150

Order No 248/ 20-21 തി.27.3.21- 825282 )

കുത്താളി ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും സ്പിൽ ഓവറായി നടപ്പിലാക്കുന്നതുമായ മേൽ പ്രൊജക്ട് പ്രകാരം ജലനിധി ഒന്നാംഘട്ട പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി തെരഞ്ഞെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്ത് വിഹിതം, സർക്കാർ വിഹിതം എന്നിവ. ജലനിധി പദ്ധതിക്കായുള്ള പഞ്ചായത്ത് എകൗണ്ടിലേക്ക് കൈമാറുകയും ആവശ്യാനുസരണം മേൽ തുകകൾ പുനരുദ്ധാരണത്തിനുള്ള പഞ്ചായത്ത് തല സമിതി എകൗണ്ടിലേക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. നവീകരണം ആവശ്യമുള്ള താഴത്തില്ലത്ത് , മരുതോറക്കുന്ന്, തറവട്ടത്ത് എന്നീ പദ്ധതികളുടെ പുനരുദ്ധാരണത്തിനാണ് പ്രൊജക്ട് പ്രകാരം തുക കൈമാറുന്നത്. മൂന്ന് കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സാങ്കേതികാനുമതി ലഭിച്ച 1381000 രൂപയുടെ 15% പഞ്ചായത്ത് വിഹിതം 207150 രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് 17.5.20ന് ജലനിധി എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിക്കായി ജി.ഒ.കെ ഷെയർ ഇനത്തിൽ 2018-19 വർഷത്തിൽ ലഭ്യമായ 686850 രൂപ 20.3.2020ന് പുനരുദ്ധാരണ സമിതിയുടെ എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രൊജക്ട് പ്രകാരം 27.3.21ന് 825282 രൂപ ജലനിധി എകൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നുണ്ട്. (തുക ഐ.കെ എം. ചെലവുപത്രിക പ്രകാരം മറ്റുഫണ്ടുകൾ ഇനത്തിൽ 825282രൂപ ചെലവരേഖപ്പെടുത്തിയിട്ടുമുണ്ട്) എന്നാൽ 27.3.21 ന് കൈമാറിയ തുക പഞ്ചായത്തിലുള്ള ജലനിധി എകൗണ്ടിൽ വരവുവന്നതായി കാണുന്നില്ല.

പഞ്ചായത്ത് വിഹിതമിനത്തിൽ അടവാക്കിയ 207150 രൂപയിൽ തറവട്ടത്ത് കുടിവെള്ള പദ്ധതി പുനരുദ്ധാരണ പ്രവർത്തി പൂർത്തീകരിച്ചതിനാൽ ഫൈനൽബിൽ ഇനത്തിൽ 74936 രൂപ പഞ്ചായത്ത് വിഹിതം , 138436 ജി.ഒ.കെ ഷെയർ രണ്ടാം ഗഡു എന്നിവ ഉൾപ്പെടെ 213368 രൂപ സമിതി എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന താഴത്തില്ലത്ത്, മരുതോറക്കുന്ന്, പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നിട്ടില്ലാത്തതിനാൽ പഞ്ചായത്ത് വിഹിതമിനത്തിൽ അടവാക്കിയ തുകയിൽ 132214 രൂപ നിലവിലും ചെലവഴിക്കാതെ ജലനിധി എകൗണ്ടിൽ അവശേഷിക്കുന്നുണ്ട്. (207150-74936). രണ്ട് പദ്ധതികളുടെ പുനരുദ്ധാരണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പഞ്ചായത്ത് വിഹിതം , സമിതി അക്കൗണ്ടിലേക്ക് മേൽ കുടിവെള്ള പദ്ധതികൾക്ക് അഡ്വാൻസായി കൈമാറിയ ജി.ഒ.കെ വിഹിതം എന്നിവ തിരികെ അടവാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതും പ്രൊജക്ട് പ്രകാരം സാമ്പത്തികവർഷം ചെലവ് രേഖപ്പെടുത്തിയ 825282 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-21 പൊതുടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കൽ- പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയില്ല.

പ്രൊജക്ട് നമ്പർ- 5/21

വകയിരുത്തിയ തുക- 227500

ചെലവുതുക- 227500

കുത്താളി ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം മാസാന്ത്യബിൽ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം തുക വകയിരുത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 40 പൊതുടാപ്പുകളുടെ 2020 മാർച്ച് മുതൽ 2021 മാർച്ച് വരെയുള്ള 13മാസത്തെ വെള്ളക്കരം പ്രതിമാസം 17500 രൂപ വീതം തനത് ഫണ്ടിൽ നിന്നും അടവാക്കിയത് റീ ക്ലപ്പ് ചെയ്യുകയോ, ബിൽ പ്രകാരം പിൻവലിച്ച് അടവാക്കുകയോ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ നിലവിലുണ്ടായിരുന്ന ടാപ്പുകളുടെ എണ്ണം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ആയത് എവിടെയൊക്കെ സ്ഥാപിച്ചു എന്ന് രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ നിന്നുള്ള കത്തിന്റെ

അടിസ്ഥാനത്തിൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് 2021 ഒക്ടോബർ, ഡിസംബർ മാസങ്ങളിലായി നടത്തിയ സംയുക്ത പരിശോധനയിൽ പഞ്ചായത്ത് പരിധിയിൽ 23 ടാപ്പുകൾ പ്രവർത്തനക്ഷമമായുള്ളതായും 14 എണ്ണം പ്രവർത്തനരഹിതമാണെന്നും കണ്ടെത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 3 ടാപ്പുകൾ എവിടെയൊക്കെ യാണെന്ന് സംയുക്ത പരിശോധന സമയത്ത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് 31.1.22 ന് വാട്ടർ അതോറിറ്റി P.H.സെക്ഷൻ അസി.എഞ്ചിനിയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ 23 പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് പകരം 26 എണ്ണം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (കണ്ടെത്താൻ കഴിയാത്ത 3 ടാപ്പുകൾ ഉൾപ്പെടെ) ആയതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ച് മാസം മുതൽ 26 പൊതുടാപ്പുകൾക്കാണ് പഞ്ചായത്ത് വെള്ളക്കരം അടവാക്കി വരുന്നത്. കണ്ടെത്താൻ കഴിയാത്ത 3 ടാപ്പുകളുടെ കാര്യത്തിൽ വ്യക്തത വരുത്തി തരണമെന്നാവശ്യപ്പെട്ട് 3.3.22 ന് സെക്രട്ടറി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി കാണുന്നുണ്ടെങ്കിലും തുടർ നടപടികളുണ്ടാവാത്തതിനാൽ ഇല്ലാത്ത 3 ടാപ്പുകൾക്ക് പഞ്ചായത്ത് വെള്ളക്കരം അടവാക്കേണ്ട വരുന്നുണ്ട്. മേൽ വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് ഫലപ്രദമല്ല.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാര വിതരണ പ്രൊജക്റ്റിന്റെ ഭാഗമായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 29/20-21 അനുപൂരക പോഷകാഹാരം | 2075000 | 2075000 |

പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 20 -21സാമ്പത്തികവർഷം 6-2-20 , 17-2-20 തിയ്യതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ മോണിറ്ററിംഗിനെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല.

അങ്കണവാടി വെൽഫെയർ കമ്മറ്റി യോഗങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതായി ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവനപദ്ധതി പ്രൊജക്റ്റിന്റെ ഭാഗമായി പഞ്ചായത്തിൽ 31 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താവിന്റെ പേരും കൈപറ്റിയ തുകയും ചുവടെ ചേർക്കുന്നു

1. ലൈഫ് ഭവനപദ്ധതി ( 69) (പട്ടികജാതി)

അടങ്കൽ -20000000 (വി.ഫണ്ട്. എസ്സ്.സി.പി1100000) ,6000000 (സംസ്ഥാന ആവിഷ്കൃത ഫണ്ട്) (4300000 ജില്ലാപഞ്ചായത്ത്), ( 2500000ബ്ളോക്ക് പഞ്ചായത്ത്), 6100000(മറ്റുള്ളവ)

ചെലവ് തുക- 2160000

| പേര് | കൈപറ്റിയ തുക |
|---|---|
| 1.മനീഷ് കുമാർ,മുടിയമ്മൽ,വാർഡ്-6 | 175225 |
| 2. ചിത്രലേഖ,നടുവിലക്കണ്ടി,വാർഡ്-13 | 300000 |
| 3.രജനി,കാപ്പുംകര,വാർഡ്-13 | 300000 |
| 4 .രജില, മുണ്ടോട്ടിൽ,വാർഡ്-13 | 200000 |
| 5.ധന്യ,തെക്കെനടുവിലക്കണ്ടി,വാർഡ്-13 | 200000 |
| 6.അശ്വനി,പേരാമ്പ്ര കുന്നമ്മൽ,വാർഡ്-6 | 100000 |
| 7. ജാനു,പൊയിൽമീത്തൽ,വാർഡ്-11 | 300000 |
| 8.രജനി,മോയോർക്കുന്നമ്മൽ,വാർഡ്-13 | 300000 |
| 9. ജിജി,പുലിക്കോട്ട്, വാർഡ്-10 | 40000 |
| 10. ലിജി,നെല്ലിയുള്ളതിൽമീത്തൽ,വാർഡ്-12 | 200000 |
| 11.സുമിഷ ഗിരീഷ്,വാർഡ്-13 | 300000 |
| 12.ലസ്ന, നടുക്കണ്ടിമീത്തൽ,വാർഡ്-1 | 200000 |
| 13.സനിഷ,നടുക്കണ്ടിമീത്തൽ, വാർഡ്-1 | 200000 |
| 14.ജിജി,കരുവാട്ടേരി,വാർഡ്-3 | 200000 |
| 15.സുനിത,ചെറ്റക്കുഴിക്കൽ,വാർഡ്-12 | 286822 |
| 16.രതീദേവി,പടിഞ്ഞാറേ പുതിയോട്ടിൽ,വാർഡ്-12 | 100000 |
| 17.കല്യാണി,ഉണ്ടിക്കൽ മീത്തൽ,വാർഡ്- 2 | 40000 |
| 18ശാരദ, തൊള്ളാരവയലിൽ,വാർഡ്- 7 | 40000 |
| 19.മീനാക്ഷി,അത്തിക്കോടൻകണ്ടി,വാർഡ്- 11 | 300000 |

ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള പരിശോധനയിൽ, സാക്ഷരതാ പ്രേരക്മാർക്ക് ടി.എ, ഹോണറേറിയം, എന്നീ ഇനങ്ങളിൽ നൽകിയ 48,240/- രൂപ നിലവിൽ പഞ്ചായത്തിന് തിരികെ ലഭിയ്ക്കാനുള്ളതായി കാണുന്നു. സാക്ഷരതാ മിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാതെ വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയവും, മറ്റു അലവൻസുകളും നൽകുകയും, ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത്.

ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ 2020-21 വർഷത്തിൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ (പ്രോജക്ട്.നം. 10/2020-21) 21 ഗുണഭോക്താക്കൾക്കായി 2,62,500/- രൂപ 27.03.2021 ന് NEFT ആയി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-26 എം.സി.എഫ് -ൽ നിന്ന് കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യുന്നില്ല- മാലിന്യക്കൂമ്പാരം-നിയമാനുസൃത പ്രവർത്തന ലൈസൻസുമില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കളക്ഷൻ സെന്റർ(പ്രോജക്ട് നം.138/2020-21) |
| കോൺട്രാക്ടറുടെ പേര് | സൂപ്പി.പി |
| അടങ്കൽ തുക | കേന്ദ്രാവിഷ്കൃത ഫണ്ട് 4,52,459/- |
| ചെലവ് | ബിൽനം.<br>1)510251360119053/11.03.2020/547541/-<br>(2019-20)<br>2)5102513601200051/10.02.2021/3,43,827/-<br>ആകെ-8,91,368/- |
| എം.ബുക്ക് നം | 273,278/2019-20,229/2020-21 |
| കരാർ | 34/19-20/10.12.2019 |
| പ്രവർത്തീകരണ കാലയളവ് | 08.01.2020-21.08.2020 |

1. എം.സി.എഫ് മാലിന്യക്കൂമ്പാരം

പദ്ധതിയിൽ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനകത്താണ് എം.സി.എഫ് നിർമ്മിച്ചിട്ടുള്ളത്. മാലിന്യം നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി സെക്രട്ടറി 11.02.2021 കരാറിലേർപ്പെട്ടിട്ടുണ്ട്. കരാറിലെ 9ാം വ്യവസ്ഥ പ്രകാരം മാലിന്യത്തിന്റെ അളവ് 500 കി.ഗ്രാമിൽ കുറയാത്ത തൂക്കം ആകുമ്പോൾ ക്ലീൻ കേരള കമ്പനിയെ രേഖാമൂലം അറിയിച്ച് മാലിന്യം നീക്കം ചെയ്യേണ്ടതാണ്. എന്നാൽ 12.06.2021-ന് ശേഷം മാലിന്യം കൊണ്ടുപ്പോയിട്ടില്ലാത്തതിനാൽ (ഏതാണ്ട് ഒരു വർഷമായി) എം.സി.എഫും അതിലേക്കുള്ള പ്രവേശന മാർഗ്ഗവും മുഴുവനായി മാലിന്യം

നിറഞ്ഞിരിക്കുന്നതായി 13.05.2022-ന് പഞ്ചായത്ത് അധികൃതരൊടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. പഞ്ചായത്ത് ഓഫീസ്, കുടുംബശ്രീ, എൻജിനീയറിംഗ് വിഭാഗം, ഹോമിയോ ഡിസ്പെൻസറി , കുടുംബശ്രീ കാന്റീൻ എന്നിവ ഉൾക്കൊള്ളുന്ന കോമ്പൌണ്ടിൽ തന്നെയാണ് അവയ്ക്ക് വളരെ അടുത്തായി എം.സി.എഫും സ്ഥിതിചെയ്യുന്നത്. മാലിന്യം കൂടി കിടക്കുന്നത് ആരോഗ്യപ്രശ്നങ്ങൾക്ക് ഇടവരുത്തും. മാലിന്യ നീക്കം ചെയ്യാത്തതുമൂലം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ അജൈവ മാലിന്യങ്ങളുടെ ശേഖരണവും നീക്കം ചെയ്യലും തടസ്സപ്പെടാനും സാധ്യതയുണ്ട്.

2. തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കിയില്ല

സ.ഉ (ആർ.ടി) 113/2021/തസ്വഭവ തീയതി 16.01.2021, സർക്കുലർ നം. 4/ ഡിസി1/ 2021/ തസ്വഭവ തീയതി 11.10.2021, സർക്കുലർ നം.ഡബ്യു.എം.1/ 40/ 2022/ 02.02.2022 എന്നിവ പ്രകാരം എം.സി.എഫുകളിൽ ഒരുക്കേണ്ട തീപിടുത്ത മുൻകരുതൽ സംവിധാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കുക, ഫയർ ഓഡിറ്റ്, ഇലക്ട്രിക്കൽ ഓഡിറ്റ് നടത്തുക, 250-500 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, പ്രഷർ പമ്പ് സ്ഥാപിക്കുക, തീപ്പിടുത്തമുണ്ടാകുമ്പോൾ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് മുഖേന ഹരിത കർമ്മസേന പ്രവർത്തകർക്ക് പരിശീലനം നൽകുക, പാഴ്വസ്തുക്കൾ സമയബന്ധിതമായി നീക്കം ചെയ്യുക എന്നീ കാര്യങ്ങൾ കൃത്യമായി ചെയ്യേണ്ടതാണ്. ഈ വിഷയങ്ങൾ ചൂണ്ടിക്കാട്ടി കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 20/2020-21 / 16.05.2022-ന് മറുപടി ലഭ്യമാക്കിയില്ല.

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും മലീനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കിയും അടിസ്ഥാനസൗകര്യങ്ങളൊരുക്കിയും നിയമാനുസൃതമായാണ് എം.സി.എഫ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വരുന്ന മഴക്കാലത്തിന് മുൻമ്പായി എം.സി.എഫ്-ൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-27 പുതുതായി നിർമ്മിച്ച വനിതാ കൌൺസിലിംഗ് സെന്ററിന്റെ മേൽക്കൂരയിലും സൺഷൈഡിലും ചോർച്ച

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പി.എച്ച്.സി വനിതാ കൌൺസിലിംഗ് സെന്റർ (പ്രോജക്ട് നം.101/2020-21) |
| കോൺട്രാക്റ്ററുടെ പേര് | സന്തോഷ് എം.എം,മഹേശ്വര കൺസ്ട്രക്ഷൻസ്,പേരാംമ്പ്ര |
| അടങ്കൽ തുക | വികസനഫണ്ട് (ജനറൽ) 3,20,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-5,00000/-<br>മെയിന്റിനൻസ് ഗ്രാന്റ്(നോൺ റോഡ്)-2,30,000/-<br>ആകെ-10,50,000/- |
| ചെലവ് | ബിൽനം.<br>1)17160663009701355992/28.03.2018/4,55,709/ ( പേരാംമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്ന് മാറിയത് )<br>2)20160652029600026258/11.04.2020/3,14,525/- |

| | |
|---|---|
| | 3)19160663009701183128/31.01.2020/44291 /-(പേരാംമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്ന് മാറിയത്) |
| എം.ബുക്ക് നം | 354/2017-18 |
| കരാർ | 37/17-18/14.02.2018 |
| പൂർത്തീകരണ തിയ്യതി | 16.02.2018-28.06.2018 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. വനിതാ കൌൺസിലിംഗ് കെട്ടിടത്തിന്റെ മേൽക്കൂരയിലും സൺഷൈഡിലും ചോർച്ച

പദ്ധതിയിൽ വളയംകണ്ടത്ത് പഞ്ചായത്ത് പി.എച്ച്.സി കോമ്പൌണ്ടിനകത്ത് 8,14,525/-രൂപ മുടക്കിയാണ് വനിതകൌൺസിലിംഗ് സെന്റർ കെട്ടിടം സ്ഥാപിച്ചിട്ടുള്ളത്. 2018 -ലാണ് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത്. . 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് അധികൃതരൊടൊപ്പം 13.05.2022-ന് കെട്ടിടത്തിൽ സ്ഥലപരിശോധന നടത്തി. 20.10.2020-ൽ ഉദ്ഘാടനം നിർവ്വഹിച്ച കെട്ടിടം നിലവിൽ നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കാതെ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനുള്ള കേന്ദ്രമായാണ് ഉപയോഗിച്ചുവരുന്നതെന്ന് കണ്ടു. നിർമ്മാണം പൂർത്തിയായി നാല് വർഷം പോലുമാകാത്ത കെട്ടിടത്തിന്റെ മേൽക്കൂരയുടെയും സൺഷൈഡിന്റെയും ഒരു ഭാഗത്ത് ചോർച്ചയുള്ളതായി കണ്ടു. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി നാളിതുവരെ നടത്തിയിട്ടില്ലായെന്നും കണ്ടു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.23/2020-21 /16.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കെട്ടിടത്തിന്റെ ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണപ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ നിർവ്വഹണഉദ്യോഗസ്ഥന്റെയും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്തുനിന്ന് കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിരീക്ഷണവും ഉണ്ടാകേണ്ടതാണ്. പരിഹാര നടപടികൾ സ്വീകരിക്കുന്നതുവരെ തൻവർഷം ചെലവഴിച്ച തുക 3,14,525/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വനിതാകൌൺസിലിംഗ് സെന്ററിനായി പണിത കെട്ടിടം ആ ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തിയും ഇലക്ട്രിഫിക്കേഷൻ പ്രവർത്തി അടിയന്തിരമായി പൂർത്തിയാക്കിയും റിപ്പോർട്ട് നൽകേണ്ടതാണ്.

2) പദ്ധതി ടെണ്ടർ നടപടികളുടെ വിവരം ലഭ്യമല്ല.

ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് 10,50,000/- രൂപയാണ്. 9,82,219/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുത്തു കൊള്ളാം എന്നുള്ള 12.02.2018-ലെ ശ്രീ.സന്തോഷ് എന്നവരുടെ കത്ത് ഫയലിൽ ലഭ്യമാണ്. കരാറുകാരനുമായി 39/2017-18/14.02.2018 പ്രകാരം കരാറിലേർപ്പെട്ടതായി കാണുന്നു. എന്നാൽ പ്രവൃത്തി നടത്തിപ്പിനായി ടെണ്ടർ വിളിച്ചതിന്റെയോ കരാറുകാർ

സമർപ്പിച്ച ടെണ്ടറുകളുടെയോ തിരഞ്ഞെടുത്ത കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെയോ വിശദാംശം ഫയലിൽ ലഭ്യമല്ല. പ്രവത്തിയുടെ എസ്റ്റിമേറ്റ് 8,68,173.34/- രൂപയായി പുതുക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമല്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഒന്നാമത്തെ ബില്ലിലെ റിട്ടെൻഷൻ തുകയായ 45,570/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-28 അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം ഏങ്ങുമെത്തിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം (പ്രോജക്ട് നം.158/2020-21) |
| നിർവ്വഹണ ഏജൻസി | ഭൂഗർഭജല വകുപ്പ് |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ്- 7,00,000/- |
| ചെലവ് | തൻവർഷം ചെലവില്ല<br>ബിൽനം. 1)21160652029601328464/15.03.2022 /27,105/-<br>2) 21160652029601328471/15.03.2022/41,285/- |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. പദ്ധതിയിൽ തൻവർഷം ഏഴ് ലക്ഷം രൂപ വകയിരുത്തിയതിന്റെ ആവശ്യകത വ്യക്തമല്ല

പദ്ധതിരേഖയിൽ ഏതൊക്കെ അങ്കണവാടികളിൽ കുഴൽകിണർ കുഴിക്കേണ്ടതുണ്ട് എന്നതിന്റെ യാതൊരു വിശദാംശവും രേഖപ്പെടുത്തിയിട്ടില്ല. 2020-21-ലെ അവസ്ഥാരേഖാ റിപ്പോർട്ട് പരിശോധിച്ചതിൽ മുഴുവൻ അങ്കണവാടികളിലും കുടിവെള്ള സംവിധാനം ലഭ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം പദ്ധതിക്കായി 7,00000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിക്കാതെ ലാപ്സാവുകയാണുണ്ടായത്. 2021-22-ൽ കേവലം 68390/-രൂപ മാത്രമാണ് ചെലവഴിച്ചത്. പദ്ധതിയുടെ ആവശ്യകത വ്യക്തമാക്കേണ്ടതും സ്വന്തമായി കുടിവെള്ള സ്രോതസ്സ് ലഭ്യമല്ലാത്ത എല്ലാ അങ്കണവാടികളിലും അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2. 2021-22-ൽ തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും നാളിതു വരെ പ്രവൃത്തി നടത്തിയില്ല

2021-22 ൽ എരംതോട്ടംഅങ്കണവാടി,പനക്കാട് അങ്കണവാടി എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിനായി യഥാക്രമം 27,105/- രൂപയും 41,285/-രൂപയും ഭൂഗർഭജലവകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഭൂഗർഭജലവകുപ്പുമായി നാളിതു വരെ കരാറിലേർപ്പെടുകയോ അവർ പ്രവൃത്തി നടത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 21/2020-21/ 16.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. കുഴൽകിണർ കുഴിക്കുന്നതിന് ഭൂഗർഭ ജല വകുപ്പുമായി കരാറിലേർപ്പെടേണ്ടതും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. പുല്ല്യോട്ട് ,കൊമ്പൻതറ എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുന്നതിനായി ഭൂഗർഭജലവകുപ്പ് ഫീസിബിലിറ്റിയും എസ്റ്റിമേറ്റും തയ്യാറാക്കി നൽകിയെങ്കിലും അവരുടെ വാഹനം എത്താൻ ബുദ്ധിമുട്ടുന്നതിനാൽ ടെണ്ടർ നടപടി സ്വീകരിക്കാമോയെന്ന് ആരാഞ്ഞു കൊണ്ട് അസി.എൻജിനീയർ 15.03.2020-ന് സെക്രട്ടറിക്ക് കത്ത് നൽകിയയായി ഫയലിൽ കാണുന്നു. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-29 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് പഞ്ചായത്തിന്റെ അനുമതിയില്ലാതെ കേബിൾ ഇടുന്നതിന് കീറി നാശം വരുത്തി

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുത്താളി-പൈതോത്ത് റോഡ് പഞ്ചായത്തിന്റെ അനുമതിയില്ലാതെ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 19.05.2020-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൽഎസ്ജിഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ 11.08.2020-ലെ ഡി-4/ ഒ.എഫ്.സി/ 2020 ഉത്തരവ് പ്രകാരം റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം കേബിൾ ഇടുന്നതിനായി

കീറിയതിനെ തുടർന്ന് റോഡിന് നാശം വരുകയും ഗതാഗത തടസ്സമുണ്ടാക്കുകയും ചെയ്തതിനാൽ റോഡ് പൂർവ്വസ്ഥിതിയില്ലാതാക്കുന്നതിനും ചട്ടലംഘനം പരിശോധിക്കാനും ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടാൻ ഭരണസമിതി തീരുമാനിച്ചു. (16.10.2020-ലെ ഭരണ സമിതി തീരുമാനം-അജണ്ട -7 ലെ 3ാം നമ്പർ തീരുമാനം). ആയത് സംഭവിക്കാനിടയായതിന്റെ കാരണവും റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശവും അറിയിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.22/2020-21 /16.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. ജില്ലാ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-30 അതിർത്തി ബോർഡുകൾ സ്ഥാപിച്ചതിന്റെ പൂർണ്ണമായ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അതിർത്തി ബോർഡുകൾ സ്ഥാപിക്കൽ (പ്രോജക്ട് നം.136/2020-21) |
| കോൺട്രാക്ടറുടെ പേര് | പി .കെ പ്രകാശൻ |
| അടങ്കൽ തുക | കേന്ദ്രാവിഷ്കൃത ഫണ്ട്(ഒ.ഡി.എഫ് ഫണ്ട്) 1,00000/- |
| ചെലവ് | ചെക്ക് നം.1).822127/27.03.2021/89,920<br>2);822128/27.03.2021/1,428/-<br>(കനറാ ബാങ്കിലെ 2636ാം നമ്പർ തനത് ഫണ്ട് അക്കൌണ്ട്)<br>ആകെ-91,348 |
| എം.ബുക്ക് നം | 398/2019-20 |
| കരാർ | 02/19-20/25.10.2019 |

1. അതിർത്തി ബോർഡുകൾ എവിടെ സ്ഥാപിച്ചുവെന്ന് വ്യക്തമല്ല

പഞ്ചായത്തിന്റെ പേരെഴുതിയ 120സെ.മി നീളവും 60 സെമീ വീതിയുമുള്ള എം.എസ് ഷീറ്റുകൾ 35mm X 35mm X 5mm ആംഗിൾ പോസ്റ്റുകളിൽ അതിർത്തികളിൽ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ എവിടെയൊക്കെയാണ് അവ സ്ഥാപിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ല. അളവ് പുസ്തകം പ്രകാരം 26 ഇടങ്ങളിലായി അതിർത്തി ബോർഡുകൾ സ്ഥാപിച്ച വകയിൽ 91,348/- രൂപ ചെലവഴിച്ചുവെങ്കിലും ഇവ എവിടെയെയൊക്കെ സ്ഥാപിച്ചുവെന്ന് കൃത്യമായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ ഫയലിൽ രേഖയോ ഇല്ല. മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.19/2020-21 / 16.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. അതിർത്തി ബോർഡുകൾ എവിടെ സ്ഥാപിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുന്നതുവരെ പദ്ധതിയിൽ ചെലവഴിച്ച തുക91,348/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2) ഒ.ഡി.എഫ് ഫണ്ട് പദ്ധതിക്കായി ചെലവഴിച്ചു

മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി ലഭിച്ച ഒ.ഡി.എഫ് ഫണ്ട് അതിർത്തി ബോർഡുകൾ സ്ഥാപിക്കുന്നതിനായി വകമാറ്റി ചെലവഴിച്ചതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 09-05-2022 മുതൽ 16-05-2022വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | പ്രോജ.നം.115/2,1നെൽകൃഷി കൂലിച്ചെലവ് | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 140000 | പ്രോജ.നം. 30/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 140000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 180000 | പ്രോജ.നം.115/21,നെൽകൃഷി കൂലിച്ചെലവ് | 180000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 180000 | പ്രോജ.നം.14/21നെൽകൃഷി കൂലിച്ചെലവ് | 180000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | പ്രോജ.നം. 30/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 |
| ജില്ലാ | 2020-21 | 640000 | പ്രോ.നം. 85/21 ലൈഫ് ഭവന | 640000 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | പദ്ധതി (ജനറൽ) | |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വെമ്പേരികണ്ടി നാഗത്ത് പുതിയോട്ടിൽ പൈപ്പ് ലൈൻ നീട്ടൽ | 21800756 | 166000 | 0 | 166000 |
| കേരള വാട്ടർ അതോറിറ്റി | ആശാരിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 21800755 | 640000 | 0 | 640000 |
| കേരള വാട്ടർ അതോറിറ്റി | കുട്ടയാട്ട് പൈപ്പ് ലൈൻ നീട്ടൽ | 21800757 | 146200 | 0 | 146200 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | | 398200 | 0 | 398200 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | 2020-21 | 0 | 11301410 | 980274 | 0 | 10321136 |

| പദ്ധതി | | | | | | |
|---|---|---|---|---|---|---|

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2005-06 | 2.70,1.1.2 | പാവടിക്കുന്നുമ്മൽ താഴെ നടപ്പാത | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2-1 | 2005-06 | 2.70,1.2.3 | കാഷ് ബുക്ക് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 3-9 | 2005-06 | 2.70,1.3.3 | വനിത തൊഴിൽ പരിശീലനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | - | 2005-06 | 2.70,1.9.1 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 3-3 | 2005-06 | 2.70,1.9.3 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 2-1 (സി,ഡി) | 2005-06 | 2.70,1.11.6 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2 | 2005-06 | 2.70,1.14.2 | നികുതി പിരിവ് അലംഭാവം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58357861 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52269964 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 859433 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 3360 | ഫവാസ് ഷമീം, സെക്രട്ടറി |
| 1-18 | 52000 | ഫവാസ് ഷമീം, സെക്രട്ടറി |

| | | |
|---|---|---|
| 1-18 | 398200 | ഷാജി.എം.സ്റ്റീഫൻ, സെക്രട്ടറി |
| 1-27 | 314525 | ശിശിർ, അസി.എഞ്ചിനിയർ |
| 1-30 | 91348 | ശിശിർ, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഫവാസ് ഷമീം, സെക്രട്ടറി | കാരശ്ശേരി ഗ്രാമ പഞ്ചായത്ത്, സെക്രട്ടറി | തൊട്ടുപൊയിൽ വീട്, ഉണ്ണികുളം പി.ഒ, 673574 |
| ഷാജി.എം.സ്റ്റീഫൻ, സെക്രട്ടറി | കൂത്താളി ഗ്രാമ പഞ്ചായത്ത്, സെക്രട്ടറി | മടിക്കയാങ്കൽ വീട്, കായണ്ണ പി.ഒ, 673526 |
| ശിശിർ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കൂത്താളി ഗ്രാമ പഞ്ചായത്ത്, | കൃഷ്ണസദൻ (വീട്), രാമനാട്ടുകര പി.ഒ, 673633 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി4/528 /2018(2) തിയതി-30.04.18 | 1 | 3-10 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി7/1653/2019 തിയതി-29.06.20 | 5 | 3-9,3-11,3-12,3-20,3-21 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി7/1289/2022 തിയതി-06.04.22 | 2 | 3-3, 3-8 |

| | | | |
|---|---|---|---|
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി പി 4/528/ 18(7) തിയതി 30-04-18 | 3 | 3-5,3-19,3-20 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ. ഡി.പി7/1288/ 2021 തിയതി-16.04.22 | 3 | 3-1, 3-4, 3-13 |
| 2015-16 | കെ.എസ്.എ.കെ.കെ. ഡി.പി7/1652/ 2019 തിയതി-22.06.20 | 3 | 2-4,3-3,3-8 |
| 2016-17 | കെ.എസ്.എ.കെ.കെ. ഡി.പി7/1287/2021 തിയതി-13.10.21 | 1 | 3-13 |
| 2017-18 | കെ.എസ്.എ.കെ.കെ. ഡി.പി7/1833/ 2021 തിയതി-04.02.22 | 13 | 1-12(3),1-12(4), 2-1, 3-1, 3-3,3-4, 3-8,3-9,3-10,3-13,3-14 3-16,3-17,3-18 |
| 2018-19 | കെ.എസ്.എ.കെ.കെ. ഡി.പി7/1834/ 2021 തിയതി-18.02.22 | 13 | 1-11-3, 1-11-4, 1-12-1, 1-12-4,1-13-4,1-13-5,1-13-6, 1-13-8,1-13-9,1-13-10, 1-13-11,1-13-13,1-13-14, |
| 2019-20 | കെ.എസ്.എ.കെ.കെ. ഡി.പി7/1834/ 2021 തിയതി-07.02.22 | 12 | 1-12, 1-13, 1-14, 1-16,1-17,1-22,1-23, 1-24,1-26,1-28,1-30,4-11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്